"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 15.03.2025

# കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപറേഷൻ ഡെപ്യൂട്ടി ജനറൽ മാനേജർ കൈക്കൂലി വാങ്ങവേ സംസ്ഥാന വിജിലൻസിന്റെ പിടിയിൽ

"ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി തിരുവനന്തപുരം പൂജപ്പുരയിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ഒരുക്കിയ കെണിയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപറേഷൻ എറണാകുളം ഓഫിസിലെ ഡെപ്യൂട്ടി ജനറൽ മാനേജർ അലക്സ് മാത്യുവിനെ രണ്ട് ലക്ഷം രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (15/03/2025) സംസ്ഥാന വിജിലൻസ് പിടികൂടി.

കൊല്ലം കടയ്ക്കൽ സ്വദേശിയും കുറവങ്കോണം പണ്ഡിറ്റ് കോളനിയിൽ താമസക്കാരനുമായ പരാതിക്കാരൻ, ഭാര്യയുടെ പേരിൽ, കൊല്ലം കടയ്ക്കലിൽ ഇന്ത്യൻ ഓയിൽ കോർപറേഷൻ ലൈസൻസുള്ള ഒരു ഗ്യാസ് ഏജൻസി നടത്തിവരുന്നു. കടയ്ക്കൽ ഭാഗത്ത് പരാതിക്കാരന്റെ ഭാര്യയുടെ പേരിലുള്ള ഗ്യാസ് ഏജൻസിയെ കൂടാതെ മറ്റ് മൂന്ന് ഏജൻസികൾ കൂടി ഇന്ത്യൻ ഓയിൽ കോർപറേഷന് ഉണ്ട്. രണ്ട് മാസം മുൻപ് ഇന്ത്യൻ ഓയിൽ കോർപറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ ആയ പ്രതി, അലക്സ് മാത്യു പരാതിക്കാരനെ ഫോണിൽ വിളിച്ചിട്ട് ഒരു കാര്യം പറയാനുണ്ടെന്നും ഫോണിൽ കൂടി പറയാൻ പറ്റില്ലെന്നും എറണാകുളത്തുള്ള പ്രതിയുടെ വീട്ടിൽ ചെല്ലണമെന്നും ആവശ്യപ്പെട്ടു. പരാതിക്കാരൻ പ്രതിയുടെ വീട്ടിൽ ചെന്ന സമയം പരാതിക്കാരന്റെ ഭാര്യയുടെ പേരിലുള്ള ഗ്യാസ് ഏജൻസിയിൽ നിന്നും കസ്റ്റമേഴ്സിനെ അടുത്തുള്ള മറ്റ് ഏജൻസികളിലേയ്ക്ക് മാറ്റാതിരിക്കാൻ പത്ത് ലക്ഷം രൂപ കൈക്കൂലി നൽകണമെന്ന് പ്രതി അലക്സ് മാത്യു ആവശ്യപ്പെടുകയും, എന്നാൽ പരാതിക്കാരൻ തുക നൽകാൻ സാധിക്കില്ലെന്ന് പറഞ്ഞു തിരികെപ്പോരുകയും ചെയ്തു.

അതിനെത്തുടർന്ന് പരാതിക്കാരന്റെ ഭാര്യയുടെ പേരിലുള്ള ഗ്യാസ് ഏജൻസിയിൽ നിന്നും ഉദ്ദേശം 1200 ഓളം കണക്ഷൻ പ്രതി അലക്സ് മാത്യു മാറ്റി അടുത്തുള്ള മറ്റൊരു ഏജൻസിക്ക് നൽകിയിരുന്നു. തുടർന്ന് ഇന്നേദിവസം (15.03.2025) രാവിലെ പ്രതി അലക്സ് മാത്യു പരാതിക്കാരന്റെ ഫോണിൽ വിളിച്ചിട്ട് ഇന്ന് തിരുവനന്തപുരത്ത് വരുന്നുണ്ടെന്നും, പറഞ്ഞ തുക അവിടെവച്ച് നേരിട്ട് നൽകണമെന്നും അല്ലായെങ്കിൽ

കസ്റ്റമേഴ്സിനെ കൂട്ടതയായി വീണ്ടു മറ്റ ഏജൻസികളിലേയ്ക്ക് മാറ്റി കൊടുക്കുമെന്നും ഭീഷണിപ്പെടുത്തി.

തുടർന്ന് പരാതിക്കാരൻ ഈ വിവരം തിരുവനന്തപുരം പൂജപ്പുരയിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ധേശപ്രകാരം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (15/03/2025) വൈകുന്നേരം 07.30 മണിയോടുകൂടി പരാതിക്കാരന്റെ കുറവങ്കോണത്തുള്ള വീട്ടിലെത്തി രണ്ട് ലക്ഷം രൂപ കൈക്കൂലി വാങ്ങവേ പ്രതി അലക്സ് മാതൃുവിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.